# Mathrubhumi

# 23 August 2018

# Flood, Flood Relief



ദുരിതാശ്വാസ ക്യാമ്പിലെത്തി സാധനങ്ങൾ നൽകിയ ശേഷം കീച്ചേരി യു.പി. സ്കൂളിലെ ക്യാമ്പിനു മുന്നിൽ ശ്രീനന്ദ

## ഒരു കുരുന്നുസഹായം

വെള്ളൂർ ന്യൂസ്പ്രിന്റ് നഗർ ഭവൻസ് സ്കൂരം രണ്ടാം ക്ലാസ് വിദ്യാർഥിനി ശ്രീനന്ദ ഒരു വർഷമായി വിനോദയാത്രയ്ക്ക് സ്വരൂപിച്ചുവച്ച പണം ദുരിതാശ്വാസ ക്യാമ്പിലേക്കു നൽകി. എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ കൈപ്പട്ടൂർ ക്ഷേത്രത്തിനു സമീപം താമസിക്കുന്ന മാമലശ്ശേരി സ്വദേശി പുളിക്കാംപുറത്ത് ശ്രീജിത്തിന്റെ മകളായ ശ്രീനന്ദ കീച്ചേരി ഗവ. യു.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലെത്തി പഴങ്ങളും പാൽപ്പൊടിയും ബിസ്കറ്റും ബ്രെഡ്ഡും ഉടുപ്പുകളുമൊക്കെയാണ് വാങ്ങി നൽകിയത്. വീട് പ്രളയത്തിൽ മുങ്ങി കെടുതികളനുഭവിക്കുന്നവരെ കുറിച്ച് ടി.വി. ചാനലുകളിൽ വാർത്തകൾ കണ്ട് മനംനൊന്ത ശ്രീനന്ദ അമ്മ ഹർഷയോട് രണ്ടു ദിവസമായി പറയുന്നതാണ് പണപ്പെട്ടിയിലെ പണം ദുരിതമനുഭവിക്കുന്നവർക്ക് നൽകണമെന്ന്. ആരും അതു കാര്യമാക്കിയില്ല.

മുത്തച്ഛൻ രാമചന്ദ്രൻ കീച്ചേരി ദുരിതാശ്വാസ ക്യാമ്പിലേക്ക് സാധനങ്ങൾ വാങ്ങി നൽകിയതോടെ ശ്രീനന്ദയ്ക്ക് സങ്കടമായി.

തന്റെ പണം ദുരിതബാധിതർക്ക് നൽകണമെന്നു പറഞ്ഞ് അവൾ കരച്ചിലായി. ഇതോടെയാണ് കോൺട്രാക്ടർ കൂടിയായ രാമചന്ദ്രനും അമ്മ ഹർഷയും ബന്ധുക്കളും ചേർന്ന് ക്യാമ്പിലെത്തി സാധനങ്ങൾ വാങ്ങിക്കൊടുത്തത്.

ഒരു വർഷമായി വിനോദയാത്രയ്ക്ക് പോകാൻ പണം സ്വരൂപിക്കുകയായിരുന്നു ശ്രീനന്ദ. മുത്തച്ഛനിൽനിന്നും മാതാപിതാക്കളിൽനിന്നും ബന്ധുക്കളിൽനിന്നുമൊക്കെ കിട്ടിയ വിഷുക്കൈനീട്ടം അവളുടെ സമ്പാദ്യപ്പെട്ടിയിൽ സൂക്ഷിക്കുകയായിരുന്നു. പിന്നെ ബന്ധുക്കളിൽ നിന്നു കിട്ടിയ ഓരോ രൂപയും ശ്രീനന്ദ സമ്പാദിക്കുകയായിരുന്നു. അതു മുഴുവൻ എടുത്ത് ദുരിതബാധിതർക്കായി ചെലവഴിച്ച ശേഷമാണ് അവളുടെ സങ്കടം മാറിയതെന്ന് മുത്തച്ഛൻ രാമചന്ദ്രൻ പറഞ്ഞു.